പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2989 15.02.2013ൽ മറുപടിയ്ക്ക്

## സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാൻഗ്വേജസ് യൂണിവേഴ്സിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് ആരംഭിക്കുന്ന സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാൻഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററിന്റെ പ്രവർത്തനം സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ എന്ത് പുരോഗതി ഉണ്ടാക്കുമെന്നാണ് കണക്കാക്കുന്നത്; | എ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാൻഗ്വേജസ് യൂണിവേഴ്സിറ്റിയാണ് ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി എന്നു പുനർനാമകരണം ചെയ്തിരിക്കുന്നത്. രാഷ്ട്രത്തിന്റെ സമുചിതമായ വികസനം , യുവജനതയുടെ കഴിവുകളെ അതിന്റെ പാരമ്യതയിൽ വികസിപ്പിച്ചെടുക്കൽ എന്നീ ലക്ഷ്യങ്ങളാണ് സർവ്വകലാശാലകൊണ്ട് ഉദ്ദേശിക്കുന്നത്. യുവതലമുറയെ വിവരാധിഷ്ഠിത സമൂഹത്തിലെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തരാക്കുന്നതിനും ആഗോളീകരണത്തിന്റെ കാലഘട്ടത്തിൽ പുതിയ അവസരങ്ങൾ കണ്ടെത്തുന്നതിന് സന്നദ്ധരാക്കുന്നതിനും പ്രാദേശിക - |

| | | | |
|---|---|---|---|
| | | | ദേശീയ ചട്ടക്കൂടുകൾക്ക് പുറത്തുള്ള വിദ്യാഭ്യാസ സമ്പ്രദായം അനിവാര്യമാണ്. ഇതിലൂടെ സാമ്പത്തിക - സാമൂഹിക - രാഷ്ട്രീയ ഉന്നമനമാണ് ലക്ഷ്യമാക്കുന്നത്. മാനവ വിഭവശേഷിയിലുള്ള ഏതു തരത്തിലുള്ള നിക്ഷേപവും രാഷ്ട്രത്തിന്റെ വിദൂരമായ സുസ്ഥിര വികസനത്തിന് അടിസ്ഥാന ഘടകമായി വർത്തിക്കുന്നതാണ്. |
| ബി | ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതു സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | ബി | ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സ്ഥാപിക്കുന്നതിന് പാണക്കാട് 75 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്, പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി | സംസ്ഥാനത്ത് ഒന്നിലേറെ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ? | സി | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ